സെക്ഷൻ ഓഫീസ്	ഉപഭോക്താക്കളുടെ എണ്ണം
പെരിങ്ങമ്മല	9114
പാലോട്	11555
കല്ലറ	22340
വെഞ്ഞാറമൂട്	21599
വാമനപുരം	10840
പനവൂർ	4551

(ബി)

ഓഫീസ്	ശരാശരി മാസവരുമാനം (രൂപ)
പെരിങ്ങമ്മല	26,27,339
പാലോട്	35,43,498
കല്ലറ	63,64,202
വെഞ്ഞാറമൂട്	79,98,781
വാമനപുരം	39,41,062
പനവൂർ	18,55,660

അങ്കമാലി ഭൂഗർഭ കേബിളുകൾ

82 (449) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനരാവിഷ്കൃത ഊർജ്ജ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അങ്കമാലി നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ ഭൂഗർഭകേബിളുകൾ സ്ഥാപിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ ;

(ബി) കരാർ പ്രകാരം പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടത് എന്നത്തേക്കാണെന്നും അവ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ ;

(സി) കാലടി പ്രദേശത്തെ പ്രവൃത്തിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അങ്കമാലി, കാലടി, കറുകുറ്റി പ്രദേശങ്ങളിൽ പദ്ധതിയിൽ ഉൾപ്പെടുത്തി 17.793 കിലോമീറ്റർ ഭൂഗർഭ കേബിൾ സ്ഥാപിച്ചുകഴിഞ്ഞു. അനുബന്ധ പ്രവൃത്തിയായ ആർ.എം.യു. സ്ഥാപിച്ചു വരുന്നു. കേബിൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത്, ദേശീയപാതാ അതോറിറ്റി, മുൻസിപ്പാലിറ്റി, പഞ്ചായത്ത് തുടങ്ങിയ നിരത്തുടമകളുടെ അനുമതി ആവശ്യമാണ്. ആയത് ലഭിച്ചു കൊണ്ടിരിക്കുന്നു. ഘണനിലവാരമുള്ള നിർമ്മാണസാമഗ്രികൾ സംഭരിക്കാനും കാലതാമസം നേരിട്ടിട്ടുണ്ട്.

(ബി) കരാർ പൂർത്തീകരിക്കേണ്ട പുതുക്കിയ കാലാവധിയായ 31-5-2016-ന് മുമ്പ് പ്രവൃത്തികൾ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കാലടി പ്രദേശത്ത് ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. എന്നാൽ മണ്ണിന്റെ കാഠിന്യംമൂലം ഉദ്ദേശിച്ച രീതിയിൽ പുരോഗതി നേടാൻ സാധിച്ചിട്ടില്ല.

കിനാലൂർ കെ.എസ്.ഐ.ഡി.സി. സബ്സ്റ്റേഷൻ നിർമ്മാണം

83 (450) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കിനാലൂർ കെ.എസ്.ഐ.ഡി.സി. സബ്സ്റ്റേഷൻ (110 കെ.വി) നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിർമ്മാണ പുരോഗതി അറിയിക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത പ്രവൃത്തിക്കുവേണ്ടി 950 ലക്ഷം രൂപയുടെ ഭരണാനുമതി ബോർഡ് 2014 ജൂലൈ മാസത്തിൽ നൽകിയിട്ടുണ്ട്. അതിൽ 626 ലക്ഷം രൂപ കെ.എസ്.ഐ.ഡി.സി. അടയ്ക്കേണ്ട തുകയാണ്. ഇതിൽ 131 ലക്ഷം രൂപ അടച്ചിട്ടുണ്ട്.

പ്രസ്തുത സബ്സ്റ്റേഷന്റെ കൺട്രോൾ റൂം നിർമ്മാണത്തിനായി ടെണ്ടർ ഉറപ്പിച്ചിട്ടുണ്ട്. പ്രവൃത്തി തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly